K16U 2036

Reg. No.: ...............................

Name : ...............................

GOVT. BRENNEN COLLEGE THALASSERY

**III Semester B.A. Degree (CBCSS – Reg./Supple./Improve.) Examination, November 2016**
**(2014 Admn. Onwards)**
**CORE COURSE IN MALAYALAM**
**3B 03 MAL : ചെറുകഥാസാഹിത്യം**

Time : 3 Hours Max. Marks : 40

I. താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങളിൽ **രണ്ടെണ്ണത്തിന്** **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) മലയാളത്തിലെ പുതുകഥാകഥനത്തിന് ലഭിച്ച മികച്ച ഉദാഹരണങ്ങളാണ് 'മലയാളം', 'സങ്കടമോചനത്തിന് ഒരു കൈപ്പുസ്തകം', 'ഓർമ്മയുടെ ഞരമ്പ്' എന്നിവ – വിശദമാക്കുക.

2) വി. കെ. എന്നിന്റെ ഫലിതബോധം 'വിവാഹ പിറ്റേന്ന്' എന്ന കഥയിൽ എങ്ങനെയെല്ലാം പ്രകടമാകുന്നു ? വിവരിക്കുക.

3) ആദ്യകാല മലയാളകഥയിലെ പലായനാത്മക പ്രവണതകൾ, പഠിക്കാനുള്ള കഥകളെ ഉദാഹരിച്ച് ചർച്ച ചെയ്യുക.

4) മലയാളത്തിലെ ഏതാനും 'സ്ത്രീവാദ' കഥകൾ പരിചയപ്പെടുത്തുക.

II. നൂറ്റൻപതു വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

5) ''എന്റെ ഭാര്യ ഇന്നു പെട്ടെന്നു ഹൃദയസ്തംഭനം മൂലം മരിച്ചതുകൊണ്ട് എനിക്കു രണ്ടു ദിവസത്തെ ലീവു വേണം'' – സന്ദർഭമെഴുതി വിശദീകരിക്കുക.

6) ''പിന്നെ നിങ്ങളിവിടെ കിടന്നു ചാകാനോ ? ആ ചെറുക്കനെ വിരട്ടിയോടിച്ചതുപോലെ, എന്നോട് പറ്റില്ല'' ആരുടെ വാക്കുകൾ ? വിശദമാക്കുക.

7) 'മാത്തുക്കുട്ടിയുടെ സങ്കടകരമായ കഥ'യിലൂടെ സക്കറിയ ആവിഷ്കരിക്കുന്ന ദർശനമെന്തെന്ന് വിശദീകരിക്കുക.

P.T.O.

8) 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' എന്ന കഥയെ അടിസ്ഥാനമാക്കി സാറാജോസഫിന്റെ കഥാകഥനത്തിന്റെ പ്രത്യേകതകൾ ചർച്ച ചെയ്യുക.

9) 'തിരുത്ത് ' എന്ന കഥയുടെ സംഗ്രഹമെഴുതി ആസ്വാദനം തയ്യാറാക്കുക.

10) വറുതിയുടേയും അഭിമാനബോധത്തിന്റേയും കേരളീയപൂർവ്വകാലം അഭിവ്യക്തമാകുന്ന കഥയാണ് 'കർക്കിടകം' – പരിശോധിക്കുക.

III. നൂറ് വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×2=8)**

11) ''കരിങ്കൽ പ്രതിമപോലുള്ള ആ ശരീരവും ആ ചങ്കൂറ്റവും മനസ്സിൽ നിന്ന് ഒരിക്കലും മായുമെന്ന് വിചാരിച്ചില്ല'' – ആരെക്കുറിച്ചാണ് പരാമർശം ? വ്യക്തമാക്കുക.

12) ''പക്ഷേ ചത്തവർക്ക് അടയും വെച്ചുകൊണ്ട് കാത്തിരുന്നിട്ട് ഫലമില്ലെന്ന് ഇനിയെങ്കിലും മനസ്സിലാക്കിയാൽ നന്ന് '' – ആരുടെ വാക്കുകൾ ? – സന്ദർഭമെഴുതുക.

13) ''ദൈവം... നിങ്ങളെയും..എന്നേയും.... എല്ലാവരേയും രക്ഷിക്കട്ടെ'' – കഥാകൃത്ത് ഇപ്രകാരം അനുഗ്രഹിക്കാനുണ്ടായ, രസകരമായ സംഭവം വിശദീകരിക്കുക.

14) ''ലക്ഷ്മിക്കുട്ടി ! നിങ്ങൾക്ക് അറിയാതെ വഹിയാത്ത രഹസ്യങ്ങൾ ഇതിൽ അന്തർഭവിച്ചിട്ടുണ്ട്.'' – രഹസ്യമെന്ത് ? വിശദീകരിക്കുക.

15) ''വായന എന്ന ദുശ്ശീലത്തിന്റെ കെടുതികളുടെ ഒരുദാഹരണമാണിത് '' – ഏത് ? വിശദമാക്കുക.

16) രാച്ചിയമ്മയുടെ സ്വഭാവം നിരൂപണം ചെയ്യുക.

IV. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും **ആറെണ്ണത്തിന് ഒറ്റ**വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക. **(6×1=6)**

17) മലയാളത്തിലെ ആദ്യ ചെറുകഥയായി പരിഗണിക്കുന്ന കഥയേത് ?

18) കുട്ടനാടിന്റെ ഇതിഹാസകാരൻ എന്നറിയപ്പെടുന്ന എഴുത്തുകാരൻ ?

19) എൻ. എസ്. മാധവന്റെ 'തിരുത്ത് ' എന്ന കഥയിൽ പരാമർശിക്കപ്പെടുന്ന സംഭവം ?

20) 'ഇരുട്ടിന്റെ ആത്മാവ് ' എന്ന കഥ എഴുതിയതാര് ?

21) പയ്യൻ എന്ന കഥാപാത്രത്തെ സൃഷ്ടിച്ചതാര് ?

22) 'വിശ്വവിഖ്യാതമായ മൂക്ക് ' എന്ന കഥയെഴുതിയത് ?

23) 'തൊമ്മച്ചൻ' എന്ന കഥാപാത്രം പഠിക്കാനുള്ള ഏത് കഥയിലേതാണ് ?

24) ഗന്ധർവ്വന് കഥാകൃത്തായ സ്നേഹിതൻ നൽകിയ പേരെന്ത് ?

---